ത്തുന്നതിനും അഗ്നിരക്ഷാവകുപ്പിന്റെ എൻ.ഒ.സി. ലഭിക്കാനുള്ള അപേക്ഷകളിൽ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ചിട്ടുള്ളവയ്ക്ക് ഫയർ എൻ.ഒ.സി. നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.

(ബി&സി) ഭരണപരമായ സൗകര്യങ്ങൾക്കുവേണ്ടി ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ ആയിരുന്ന ഡോ. ജേക്കബ് തോമസിനെയും കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായ ശ്രീ. അനിൽ കാന്തിനേയും പരസ്പരം മാറ്റിനിയമിക്കുകയുണ്ടായി. ഫയർ ഫോഴ്സ് മേധാവിയായിരിക്കെ ഡി.ജി.പി ശ്രീ. ജേക്കബ് തോമസ് സർക്കാർ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഫയർ എൻ.ഒ.സി നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുകയും കൂടുതൽ വ്യവസ്ഥകൾ ഉൾപ്പെടുത്തുകയും ചെയ്തതിനാൽ കെട്ടിടങ്ങൾക്ക് എൻ.ഒ.സി ലഭിക്കുന്നത് തടസ്സപ്പെട്ടതിനെതിരെയും എൻ.ഒ.സി.യ്ക്കായുള്ള അപേക്ഷകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾമുഖേന നൽകണമെന്ന വ്യവസ്ഥ മാറ്റണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് പരാതി നൽകിയത്. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പ് എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

## വിജിലൻസ് കേസ്സുകൾ

**293 (303)** ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അന്വേഷണത്തിലിരിക്കുന്ന വിജിലൻസ് കേസ്സുകൾ എത്ര ;

(ബി) അവയിൽ മന്ത്രിമാർക്കെതിരായുള്ള ആക്ഷേപങ്ങൾ സംബന്ധിച്ചവ എത്രയാണ്; ഏതെല്ലാം മന്ത്രിമാർ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ട്;

(സി) അന്വേഷണം നേരിടുന്ന ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർ എത്ര ; മറ്റ് ഉദ്യോഗസ്ഥർ എത്ര ;

(ഡി) ഈ സർക്കാർ ഏതെങ്കിലും വിജിലൻസ് കേസ് അന്വേഷണത്തിനിടയിൽ പിൻവലിക്കുകയുണ്ടായിട്ടുണ്ടോ ; കോടതിയിൽ കുറ്റപത്രം സമർപ്പിച്ച എത്ര കേസ്സുകൾ പിൻവലിക്കുന്നതിനായി ഉത്തരവ് നൽകി ;

LIBRARY ARCHIVES Kerala Legislative Assembly